# ഇന്ത്യയിലെ ഭീകരാക്രമണങ്ങളും
## ഉത്തരം കിട്ടാത്ത ചോദ്യങ്ങളും

•

**എ. റശീദുദ്ദീൻ**



പ്രതീക്ഷ ബുക്സ്

•

വിതരണം
**ഐ.പി.എച്ച്**
കോഴിക്കോട്

INDIAYILE BHEEKARAKRAMANANGALUM
**UTHARAM KITTATHA CHODHYANGALUM** (Malayalam)
Politics

A. RASHEEDUDHEEN

Publishers:

PRATHEEKSHA BOOKS
I.S.T Building
Silver Hills, Calicut - 673 012
Kerala State, India
E-mail: pratheekshabooks@gmail.com

First Published : November 2008
Second Edition: February 2011

Typesetting
I.P.H. DTP

Cover
Nasar Eramangalam
Layout
Shanavas. M.A

Printers
Geethanjali Offset, Calicut

Rights with the Publishers

Distribution:
I.P.H
Fourland Building, Rajaji Road, Kozhikode-673004,
E-mail : iphcalicut@gmail.com

Price: 150.00

IBU SN 540/1000 TC 4000

PRATHEEKSHA BOOKS

# മുഖവാക്ക്

●

ഇന്ത്യാ ചരിത്രത്തിലെ ഉദ്വേഗഭരിതമായ കാലഘട്ടത്തിൽ ദൽഹിയിൽ ജോലിചെയ്ത ഒരു പത്രപ്രവർത്തകനെന്ന നിലക്ക് ശേഖരിച്ച റിപ്പോർട്ടുകളുടെ സമാഹാരമാണ് വായനക്കാരുടെ കൈയിലിരിക്കുന്ന ഈ ഗ്രന്ഥം. ഇന്ത്യയുടെ ഭീകരാക്രമണങ്ങളാണ് ഇതിൻെറ ഇതിവൃത്തം. അടൽ ബിഹാരി വാജ്പേയിയും ഡോ. മൻമോഹസിംഗും ഇന്ത്യ ഭരിച്ച ഈ കാലയളവിൽ രാഷ്ട്രീയ നേതാക്കളും ഭരണകൂടത്തിൻെറ ഉപകരണങ്ങളും കൂടുതൽ സുരക്ഷിതരായി മാറിയെങ്കിലും സാധാരണക്കാരൻ ഭീകരാക്രമണങ്ങളുടെ അനിവാര്യമായ ഇരകളാവുന്നതായിരുന്നു കാണാനുണ്ടായിരുന്നത്. ഒരു ഭാഗത്ത് വലതുപക്ഷ വർഗീയ ശക്തികളുടെ ചേരിയും മറുഭാഗത്ത് മതനിരപേക്ഷ ജനാധിപത്യ ശക്തികളെ പ്രതിനിധാനം ചെയ്തവരും ആയിരുന്നെങ്കിലും ഇരുപത്തൊന്നാം നൂറ്റാണ്ടിലേക്ക് ഇന്ത്യയെ കൈപിടിച്ചു നയിച്ച ഈ രണ്ടു ഭരണകൂടങ്ങളുടെയും നിലപാടുകൾ പ്രയോഗതലത്തിൽ ഒന്നു തന്നെയായിരുന്നു. ഭീകരതയും അതിനോടുള്ള പ്രതികരണവും അവരുടെ കാലഘട്ടത്തിലെ രാഷ്ട്രീയ പ്രക്രിയയുടെ അടിസ്ഥാന പ്രമാണങ്ങളായി മാറി.

ഭീകരതക്ക് ഒരു രാഷ്ട്രീയമുണ്ടെന്നും ഭരണാധികാരികൾ അതിന്റെ നിഗൂഢരായ ഉപാസകരാണെന്നും തെളിയിക്കാനാവുന്ന ഘടനയായിരുന്നു ഇന്ത്യ കണ്ട എല്ലാ ഭീകരാക്രമണങ്ങളുടേതും. മറുഭാഗത്ത് രണ്ട് ഡസനിലേറെ ഭീകരാക്രമണങ്ങളിലൂടെ കടന്നുപോയിട്ടും ഭീകരൻ എന്താണ് ഇന്ത്യയിൽ ലക്ഷ്യംവെച്ചതെന്ന് കാര്യകാരണസഹിതം തെളിയിക്കാൻ കഴിഞ്ഞിട്ടുമില്ല.

പൊതുജനത്തെ കൊല്ലുന്നതാണ് കുറെക്കൂടി ഫലപ്രദമായ രാഷ്ട്രീയ വിലപേശൽ എന്ന ഈ തിരിച്ചറിവ് ഭീകരരുടേതായിരുന്നോ അതോ ഭരണകൂടത്തിൻേറതോ? ഇനിയും വ്യക്തമായ ഉത്തരം ലഭിച്ചിട്ടില്ലാത്ത ഒരു ചോദ്യമാണത്. ആർക്കും മറുവാദങ്ങളുന്നയിക്കാൻ പാടില്ലാത്ത 'ഹോളോകോസ്റ്റ്' സിദ്ധാന്തം പോലെയാണ് ഭീകരാക്രമണങ്ങളെക്കുറിച്ച് ഭരണകൂടം നടത്തുന്ന പ്രസ്താവനകൾ ഇന്ത്യയിൽ അനുഭവപ്പെട്ടത്. ഭീകരതയെ ദേശീയതയുടെ എതിർഭാഗത്ത് പ്രതിഷ്ഠിച്ചതിലൂടെ തങ്ങളുടെ അവിഹിതമായ താൽപര്യങ്ങളെ ഭരണവർഗം ഭംഗിയായി മറച്ചുപിടിക്കുകയും ചെയ്തു. പക്ഷേ എന്തായിരുന്നു സ്ഫോടനങ്ങളുടെയും ഭീകരാക്രമണങ്ങളുടെയും മറുവശം? എന്തായിരുന്നു പിടിയിലായവർക്ക് പറയാനുണ്ടായിരുന്നത്? ലോകത്തെ ഏറ്റവും വലിയ ജനാധിപത്യരാജ്യമായ ഇന്ത്യ ഒരിക്കൽ പോലും അവരുടെ ശബ്ദം കേൾക്കുന്നതേ ഇല്ല. കുറ്റവാളി

ഹാജരാവാത്ത ആൾക്കൂട്ട വിചാരണയാണ് അരങ്ങു തകർക്കുന്നത്. എങ്കിലും അവനെക്കുറിച്ച സങ്കൽപങ്ങൾ ഏവരിലുമുണ്ട്. പോലീസുകാരും ഭരണാധികാരികളും നമ്മിൽ അടിച്ചേൽപിച്ച വിശ്വാസങ്ങളാണവ. താൽ പര്യവും സ്വാർഥതയുമുള്ള അധികാരവർഗമാണ് ഈ ആരോപണങ്ങൾ ഉന്നയിക്കുന്നതെന്ന വസ്തുത വിസ്മരിച്ച് അവരണിയുന്ന കുപ്പായ ങ്ങളെക്കുറിച്ച് നീതിശാസ്ത്രങ്ങളിൽ എഴുതിവെച്ചതിന് പ്രാമുഖ്യം നൽ കുകയാണ് ഇന്ത്യക്കാരൻ ചെയ്യുന്നത്. ഇതോടെ ആരോപണങ്ങൾ വസ്തു തകളായി അംഗീകരിക്കപ്പെടുന്നു. യഥാർഥത്തിൽ മറ്റൊരു തരം ഭീകരത യുടെ തുടക്കമാണിത്. സാമൂഹികമായും മതേതരമായും ഇന്ത്യ നേരിടുന്ന ഈ കൊടും ദുരന്തത്തിന് മുന്നിൽ മൗനിയാവുന്നത് മഹാപാപമാവുമെന്ന എന്റെ ബോധമാണ് ഒരു പക്ഷേ ഈ പുസ്തകം.

ഇന്ത്യ നടുങ്ങിയ സ്ഫോടന പരമ്പരകളിൽ മിക്കവയും ഈ പുസ്ത കത്തിൽ ഉൾക്കൊള്ളിക്കാൻ ശ്രമിച്ചിട്ടുണ്ട്. ജയ്പൂർ, അജ്മീർ, മുംബൈ, ദൽഹി സ്ഫോടനങ്ങളാണ് മാറ്റിനിർത്തിയിട്ടുള്ളത്. ഇവയിൽ ആദ്യത്തെ രണ്ടെണ്ണത്തിന് സമാനമായ നിരവധി കേസുകൾ ഈ പുസ്തകം ചർച്ച ചെയ്യുന്നുണ്ട്. വിസ്താരഭയമാണ് ശേഷിച്ചവയെ ഒഴിച്ചുനിർത്താൻ പ്രേരി പ്പിച്ചത്. ദൽഹി, മുംബൈ സ്ഫോടനങ്ങളെക്കുറിച്ച വാചാലമായ അന വധി സൂചനകൾ ഇതിലുണ്ട്. മുംബൈയിലെ തീവണ്ടികളിൽ നടന്ന സ്ഫോ ടനവും അതേകുറിച്ച അന്വേഷണവും മാത്രം മറ്റൊരു പുസ്തകത്തിൻെറ വിഷയമായതുകൊണ്ടാണ് അവ മാറ്റിനിർത്തിയത്. എല്ലാ ഭീകരാക്രമണ ങ്ങളുടെയും യാഥാർഥ്യം നേരിട്ട് അന്വേഷിക്കുക എന്നത് മനുഷ്യസാധ്യ മായിരുന്നില്ല. എങ്കിൽപ്പോലും ലഭിച്ചേടത്തോളം റിപ്പോർട്ടുകൾ തന്നെ അസുഖകരമായ സത്യങ്ങൾ വിളിച്ചുപറയുന്നുണ്ടായിരുന്നു. വാർത്താ മാധ്യമങ്ങളിൽ നിന്നു ശേഖരിച്ച ഈ റിപ്പോർട്ടുകളുടെ ആധികാരികത ഉറപ്പുവരുത്തുന്നതിൽ കഴിയുന്നത്ര ശ്രദ്ധിച്ചിട്ടുണ്ട്. യാഥാർഥ്യം അറിഞ്ഞ വരുടെയും അനുഭവിച്ചവരുടെയും വാക്കും വെളിപ്പെടുത്തലുമേ ഈ ഗ്രന്ഥ ത്തിലുള്ളൂ. അവ വിനയത്തോടെ വായനക്കാർക്ക് സമർപ്പിക്കുന്നു. നമ്മുടെ നാട്ടിൻെറ മതേതര സങ്കൽപങ്ങളും കൂട്ടായ്മയും മാനവികതയും കാത്തു വെക്കാൻ ഈ അറിവുകൾ സഹായകമാവട്ടെയെന്ന് പ്രാർഥിക്കുന്നു.

●

**എ. റശീദുദ്ദീൻ**
ആൽപ്പറ്റ ഹൗസ്
വൈത്തിരി, വയനാട്.
rasheedudheen@hotmail.com

# രണ്ടാം പതിപ്പിനുള്ള മുഖവുര

2008 നവംബർ ആദ്യവാരത്തിലാണ് ഈ പുസ്തകത്തിൻെറ ആദ്യപതിപ്പ് പുറത്തിറങ്ങിയത്. അതിലും ആറു മാസത്തെ പഴക്കമുണ്ടായിരുന്നു പുസ്തക രചനക്ക്, വർഷങ്ങൾ പിന്നിലേക്കു നീണ്ട വിവരശേഖരണവും. 50 മാസത്തിനകം ഒന്നാം പതിപ്പ് വായിച്ചു തീർത്തിരിക്കുന്നു. ഈ പുസ്തകം പ്രസിദ്ധീകരിച്ചതിനു ശേഷം ഇവ്വിഷയകമായി പുറത്തിറങ്ങിയ നിരവധി ഗ്രന്ഥങ്ങൾ ദേശീയ തലത്തിൽ ചർച്ച ചെയ്യപ്പെടുകയുണ്ടായി. ഞാൻ ഒറ്റക്കല്ലെന്ന കരുത്ത് അപ്പോഴാണ് അനുഭവപ്പെട്ടത്. എസ്.എം മുശ്‌രിഫിന്റെയും വിനീതാ കാംതെയുടെയും ഗ്രന്ഥങ്ങൾ വിശേഷിച്ചും. മുംബൈ ആക്രമണത്തിനു ശേഷം രാഷ്ട്രീയ രംഗത്തും ആരോഗ്യകരമായ ചർച്ചകളുണ്ടായി. മുൻ കേന്ദ്ര മന്ത്രി അബ്ദുർറഹ്മാൻ ആന്തുലെയുടെയും മുൻ മധ്യപ്രദേശ് മുഖ്യമന്ത്രി ദിഗ്‌വിജയ് സിംഗിൻെറയും പേരുകൾ ആദരവോടെ എടുത്തു പറയട്ടെ.

ബഹുമാന്യനായ ഡോ. എൻ.എ. കരീം ഈ പുസ്തകം വായിച്ചതിനു ശേഷം മാധ്യമം വാരികയിൽ അവലോകനമെഴുതി. ഞാൻ ഇപ്പോഴും നേരിൽ കണ്ടിട്ടില്ലാത്ത ആ ധന്യ വ്യക്തിത്വത്തോടുള്ള ആദരവും നന്ദിയും പൊതു സമൂഹത്തിനു മുമ്പാകെ പ്രകടിപ്പിക്കട്ടെ. ദേശാഭിമാനി വാരികയും മലയാളം വാരികയും പുസ്തകപരിചയത്തിൽ ഈ ഗ്രന്ഥത്തെ ഉൾപ്പെടുത്താൻ സൻ

മനസ്സു കാണിച്ചു. അതേസമയം ചില മുഖ്യധാരാ പ്രസിദ്ധീകരണങ്ങളിൽ ഈ പുസ്തകത്തെ പരിചയപ്പെടുത്താൻ തുനിഞ്ഞവർക്ക് ദുരനുഭവങ്ങളുണ്ടായി. എഴുത്തിൻെറ ജാതകം നോക്കി ആ ലേഖനങ്ങളെ രണ്ട് പ്രധാനപ്പെട്ട പ്രസിദ്ധീകരണങ്ങൾ മടക്കി അയച്ചു.

ഈ പുസ്തകത്തെ അവലംബിച്ച് സോളിഡാരിറ്റി യൂത്ത് മൂവ്മെൻറ് സംഘടിപ്പിച്ച ഭീകര വിരുദ്ധ സെമിനാറുകളാണ് മലയാളികളുടെ ഭാഗത്തു നിന്നുണ്ടായ ശ്രദ്ധേയമായ പ്രതികരണം. ഒട്ടനവധി സാംസ്കാരിക-സാഹിത്യ നായകർ എന്റെ കണ്ടെത്തലുകളെ പ്രശംസിച്ച് സംസാരിച്ചു. എന്നാൽ എന്നോടു നേരിട്ടു പറയാൻ മടിച്ച എതിരഭിപ്രായങ്ങൾ ചിലരെങ്കിലും പരസ്യമായി പ്രകടിപ്പിച്ചതും ഈ സെമിനാറുകളിലായിരുന്നു. ഈ പുസ്തകം ദേശദ്രോഹപരമാണ് എന്ന് രണ്ട് പേരെങ്കിലും കുറ്റപ്പെടുത്തി. മലബാറിലെ ഈയിടെ അന്തരിച്ച ഒരു കോൺഗ്രസ് നേതാവായിരുന്നു അവരിലൊരാൾ. രണ്ടാമൻ തലമൂത്ത ഒരു പത്രപ്രവർത്തകൻ തന്നെയായിരുന്നു. ആർ.എസ്.എസിൻെറ കുടക്കീഴിൽ വരുന്ന ഹിന്ദുത്വ സംഘടനകളും ഇന്ത്യാ മഹാരാജ്യത്തെ രഹസ്യാന്വേഷണ വകുപ്പും വിശുദ്ധഗോക്കളാകയാൽ അവരെ കുറിച്ച് സംശയം ജനിപ്പിക്കുന്ന ഏതു പുസ്തകവും രാജ്യദ്രോഹപരമാണ് എന്നതായിരിക്കണം ഒരുപക്ഷേ ഈ എതിരഭിപ്രായങ്ങളുടെ കാതൽ. അത്തരം ശുദ്ധഗതിക്കാരെ ഞാൻ ഇപ്പോഴും ആദരിക്കുന്നു. രാഷ്ട്രസങ്കൽപങ്ങൾക്ക് മൂല്യശോഷണം ഉണ്ടാവരുതെന്ന പിടിവാശിയായിരിക്കാം അവരെ കൊണ്ട് അങ്ങനെ പറയിച്ചത്.

സത്യം അറിഞ്ഞിട്ടും അംഗീകരിക്കാൻ മടിച്ചവർ ഒരുപാടുണ്ടായിരുന്നു. അപവാദങ്ങളും നുണക്കഥകളും പ്രചരിപ്പിക്കുന്നതിന് ജാതിയും മതവും നോക്കിയാണ് മാധ്യമരംഗത്തെ സഹജീവികൾ ന്യായം കണ്ടെത്തുന്നതെന്നത് പുതിയതല്ലെങ്കിലും അസ്വസ്ഥജനകമായ തിരിച്ചറിവായിരുന്നു. ഭീകരത എന്ന യാഥാർഥ്യമായിരുന്നില്ല അത്തരക്കാരെ പ്രയാസപ്പെടുത്തിയത്. ആ യാഥാർഥ്യത്തെ യുക്തിഭദ്രമായ രീതിയിൽ ഇന്ത്യയിലെ മാധ്യമ സമൂഹം അപഗ്രഥിച്ചിരുന്നുവെങ്കിൽ ഒരുവേള എൻ.എഡി.എ ഭരണത്തിന്റെ ഒന്നാമത്തെയോ രണ്ടാമത്തെയോ വർഷം തന്നെ ഈ ആഭാസ നാടകങ്ങൾ അവസാനിക്കുമായിരുന്നു. മുൻവിധിയാണ് എല്ലാവരെയും നയിച്ചത്. ആരെ കുറിച്ചാണോ പറയപ്പെടുന്നത് അവരെ കുറിച്ച മുൻവിധി. രാജ്യത്തെ പ്രധാന ന്യൂനപക്ഷത്തെ കുറിച്ച് എൻ.ഡി.എ ഭരണകൂടം പ്രചരിപ്പിച്ച ദുഷിപ്പുകളെ ഉപ്പു കൂട്ടാതെ വിഴുങ്ങുമ്പോൾ അവനവനിലെ വർഗീയവാദിയെയോ മാപ്പുസാക്ഷിയെയോ ആണ് സുഖിപ്പിക്കുന്നതെന്നും അന്വേഷണപടുവായ പത്രക്കാരനെയല്ലെന്നും മാധ്യമസമൂഹം മറന്നു. രാഷ്ട്രീയക്കാരൻെറ അഴിമതി പൊതുഖജനാവിനെ തകർക്കുന്ന ഒരു ദുരന്തമാണെന്നതിൽ തർക്കമില്ല. അഴിമതിക്കഥകൾ പുറത്തുകൊണ്ടുവരാൻ ധൈര്യം കാണിച്ച എത്രയോ പത്രപ്രവർത്തകർ ഇന്നും ഈ രാജ്യത്തെ ഹീറോകളുമാണ്. പക്ഷേ, രാജ്യത്തെ

ജനങ്ങളെ തമ്മിലടിപ്പിക്കാൻ ഇതേ രാഷ്ട്രീയക്കാരൻ നടത്തിയ ഗൂഢാലോചനകളെ കുറിച്ച് അന്വേഷണാത്മകമായ കണ്ടെത്തലുകളിൽ നിന്ന് മാധ്യമ സമൂഹം വിട്ടുനടന്നു. ആ യാഥാർഥ്യത്തെ വർഗീയവത്കരിച്ചാലുണ്ടാകുന്ന താൽക്കാലികമായ നേട്ടങ്ങളിലായിരുന്നു അവർ അഭിരമിച്ചത്. പാർലമെന്റ് ആക്രമണം ആരു നടത്തിയെന്ന് ശാസ്ത്രീയമായി അന്വേഷിച്ചാൽ ഇന്ത്യാ ചരിത്രത്തിലെ ഏറ്റവും സ്തോഭജനകമായ അന്വേഷണാത്മക റിപ്പോർട്ടുകളിലൊന്ന് പുറത്തുവരുമെന്ന് തീർത്തു വിശ്വസിക്കുന്നയാളാണ് ഞാൻ. ഇന്ത്യ ഭരിച്ച ഒരു രാഷ്ട്രീയപാർട്ടിയുടെ കുടിലതകളാണ് അത് തുറന്നുകാട്ടുക. അതിൻെറ ഒറ്റപ്പെട്ട സാഹചര്യത്തെളിവുകളെങ്കിലും ചരിത്രം ഇന്നും ബാക്കി വെച്ചതിലുണ്ട്. പാർലമെന്റിന്റെ സി.സി ടേപ്പുകളും അഫ്സൽ ഗുരുവിനെതിരെ കോടതിയിൽ സമർപ്പിച്ച ടെലിഫോൺ കോൾഷീറ്റ് റെക്കാർഡുകളും ഈ കേസിലേക്കുള്ള നിർണായകമായ ചൂണ്ടുപലകകളാണ്. അതിൽ ഒന്നെങ്കിലും പൊതുരേഖയുമാണ്. പകരത്തിനു പകരം ബോംബ് എന്ന ആർ. എസ്.എസിൻെറ ഒടുവിലത്തെ വാദം പൊളിയുക ഇത്തരമൊരു അന്വേഷണം നടക്കുന്നതിലൂടെ മാത്രമാണ്. ഇന്ത്യൻ ഭീകരാക്രമണങ്ങളുടെ മാതാവ് എന്നു വിശേഷിപ്പിക്കാനാവുന്ന ഈ സംഭവം മുസ്ലിംകളുടെ ബുദ്ധിയിൽ വിരിഞ്ഞ്, അവർ ഗൂഢാലോചന നടത്തി, അവർ പാർലമെന്റിലേക്ക് പരസഹായമില്ലാതെ പ്രവേശിച്ച് നടത്തിയതാണെന്ന് വ്യക്തമായെങ്കിലേ ആർ.എസ്. എസ് സിദ്ധാന്തത്തിന് നിലനിൽപ്പുള്ളൂ. പക്ഷേ, അന്നത്തെ ബി.ജെ.പി ഭരണകൂടത്തിന് പലതും മൂടിവെക്കാനുണ്ടെന്നാണ് അവരുടെ നീക്കങ്ങൾ വ്യക്തമാക്കുന്നത്.

ദൽഹിയിലെ വാർത്താ ലേഖകരിൽ ശരാശരിക്കാരൻ മാത്രമായിരുന്ന എനിക്കു പോലും കണ്ടെത്താനായ ഈ വസ്തുതകൾ മറ്റാരുടെയും സൂക്ഷ്മമായ പഠനത്തിന് വിഷയമാകാതെ പോയതിൽ ഇന്ത്യ എന്ന രാജ്യത്തിന്റെ ഇപ്പോഴത്തെ ദേശീയവും അന്തർദേശീയവുമായ രാഷ്ട്രീയ നിലപാടുകൾക്കായിരുന്നു മുഖ്യമായ പങ്ക്. അന്താരാഷ്ട്രതലത്തിൽ ആ സമവാക്യങ്ങൾ മാറിവരുന്നതിനനുസരിച്ചാണ് ഇന്ത്യയിലും മാറ്റങ്ങളുണ്ടാകുന്നത്. മാറ്റമാണല്ലോ പുതിയ കാലത്തിന്റെ മുദ്രാവാക്യം. നഷ്ടപ്പെടാൻ ഒന്നുമില്ലായിരുന്ന ഒരു പത്രത്തിന്റെ ലേഖകനായതു കൊണ്ട് ഇങ്ങനെയൊരു പുസ്തകം എഴുതാൻ കഴിഞ്ഞു. ഇതിനേക്കാൾ നന്നായി ഈ പുസ്തകം എഴുതാൻ മറ്റാർക്കെങ്കിലും കഴിയുമെന്നാണ് ഞാനിപ്പോഴും അടിയുറച്ച് വിശ്വസിക്കുന്നത്. ഈ പുസ്തകത്തെ രാജ്യദ്രോഹപരമെന്ന് കുറ്റപ്പെടുത്താൻ തുനിഞ്ഞ സുഹൃത്തുക്കളോട് ഒരു ചോദ്യം മാത്രം. നിങ്ങളുടെ ബുദ്ധിയോട് നീതി പുലർത്താൻ ഇപ്പോഴും കഴിയുന്നുണ്ടോ? ഇസ്ലാമിക ഭീകരതയെ വിറ്റു വിശപ്പടക്കിയ മുസ്ലിംകളടക്കമുള്ള രാഷ്ട്രീയ ജീവികൾക്ക് ഇന്ന് എന്തെങ്കിലും പറയാനുണ്ടോ? ആർ.എസ്.എസ് എന്താണെന്ന് ഗാന്ധിജിയെ വധിച്ച നാൾ തൊട്ട് അറിയാമായിരുന്നിട്ടും ആ ഭീകരസംഘത്തെ ദേശീയതയുടെ ധ്വജവാഹക

രായി മനസ്സിലാക്കിയവർ ഇനിയെങ്കിലും തെറ്റു സമ്മതിക്കുമോ?

ആവർത്തിച്ചു പറയട്ടെ, പച്ച മനുഷ്യരുടെ നീതിബോധത്തോടു സംവദിക്കാനും അതിലുപരി വേട്ടയാടപ്പെടുന്ന ഒരു സമൂഹത്തെ കുറിച്ച യാഥാർഥ്യം വിളിച്ചു പറയാനുമായിരുന്നു എന്റെ ശ്രമം. കാലം എല്ലാവരേക്കാളുമുച്ചത്തിൽ ഇന്ന് ആ യാഥാർഥ്യം വിളിച്ചു പറയുന്നു. അതേ ഇന്ത്യ നടുങ്ങിയ ആ സ്ഫോടനങ്ങൾ ആർ.എസ്.എസിൻെറ വകയായിരുന്നു....

നമ്മുടെ സാമൂഹികബോധം പുഷ്കലമാവുന്ന കാലം ഇപ്പോഴും വിദൂരമല്ല. ഭരണഘടനയുടെ തത്ത്വങ്ങളിൽനിന്നും പ്രയോഗത്തിലേക്ക് വികസിക്കുന്ന നാഗരികതയായി നമ്മുടെ ദേശീയത മാറുമെന്ന് നമുക്ക് പ്രത്യാശിക്കാം.

എല്ലാവരോടും നന്ദി പറയുന്നു.

**എ. റശീദുദ്ദീൻ**
വൈത്തിരി
01 ഫെബ്രുവരി 2011

# അവതാരിക

●

**ടീസ്റ്റ സെറ്റൽവാദ്**
കോ- എഡിറ്റർ, കമ്മ്യൂണലിസം കോംപാറ്റ്

●

നിർണയിക്കപ്പെട്ട നടപടിക്രമങ്ങൾ ഒരു പിഴവും വരുത്താതെ പാലിക്കുക എന്നതാണ് ഭരണഘടനാധിഷ്ഠിതമായ ജനാധിപത്യ വ്യവസ്ഥയിൽ നീതിവാഴ്ചയുടെ അടിസ്ഥാന പ്രമാണമായി നിലകൊള്ളുന്നത്. ചിമ്മിയ കണ്ണും സ്ഥാപനവത്കരിക്കപ്പെട്ട മുൻവിധിയും ജനാധിപത്യ മൂല്യങ്ങളെ ഗൗരവപൂർണമായ അപകടങ്ങളിലേക്കായിരിക്കും തള്ളിവിടുക. ദൗർഭാഗ്യവശാൽ എന്നുതന്നെ പറയണം, ഈയിടെയായി ഇത്തരം നീക്കങ്ങൾക്ക് ആക്കം കൂടിവരികയാണ്. പ്രത്യേകിച്ചും 90-കളുടെ തുടക്കം മുതൽ. നിയമവാഴ്ച നടപ്പാക്കാൻ ചുമതലപ്പെട്ട പോലീസും നീതിപീഠത്തിന് കാവലിരിക്കുന്ന ജഡ്ജിമാരും ഭൂരിപക്ഷ രാഷ്ട്രീയത്തിന് ഇണങ്ങുന്ന വർണങ്ങൾ അണിഞ്ഞു പ്രത്യക്ഷപ്പെടുന്നത് നമുക്കു കാണേണ്ടിവരുന്നു. 80-കളിലും 90-കളിലും പുറത്തിറങ്ങിയ മൂന്നാമത്തെയും നാലാമത്തെയും പോലീസ് കമ്മീഷൻ റിപ്പോർട്ടുകൾ ഈ പ്രവണത അംഗീകരിച്ചത് കാണാനാവും. പോലീസ് വിഭാഗങ്ങളിൽ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് ജനസംഖ്യാനുപാതികമായ സംവരണം ഏർപ്പെടുത്തണമെന്ന

ശിപാർശ അവർ മുന്നോട്ടുവെക്കാനുണ്ടായ കാരണവും ഇതായിരുന്നു.

1980-കളുടെ പകുതി തൊട്ടാണ് ഇന്ത്യൻ രാഷ്ട്രീയം ഭൂരിപക്ഷോൻമുഖമായി ചായാൻ തുടങ്ങുന്നത്. ജനാധിപത്യ ഭരണകൂടത്തിന്റെ ആണിക്കല്ലുകളാവേണ്ട സ്ഥാപനങ്ങളിൽ പലതും വഴിതെറ്റി സഞ്ചരിക്കാൻ തുടങ്ങിയതിൽ സ്വാഭാവികമായും അദ്ഭുതം ഉണ്ടായിരുന്നില്ല. പക്ഷേ, അടിസ്ഥാനപരമായ ഈ ദിശാമാറ്റം രാജ്യത്തെ മനുഷ്യാവകാശങ്ങളിലും നീതിവാഴ്ചയിലും ന്യൂനപക്ഷങ്ങളുടെ ജീവിക്കാനുള്ള അവകാശത്തിലും സ്വാതന്ത്ര്യത്തിലുമൊക്കെ പിൽക്കാലത്ത് ഗുരുതരമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുകയാണ് ചെയ്തത്.

ന്യൂനപക്ഷങ്ങളുടെ നേർക്ക് നടക്കുന്ന സംഘടിത ആക്രമണങ്ങളിൽ കേസുകൾ രജിസ്റ്റർ ചെയ്യുന്നതിലും അവ വിചാരണ നടത്തുന്നതിലും ഇന്ത്യയിലെ അന്വേഷണ വിഭാഗങ്ങൾ പുലർത്തിയത് ഒരുതരം മൃദുസമീപനമായിരുന്നു. ഇക്കാര്യത്തിലെ മുഴച്ചുനിൽക്കുന്ന ഉദാഹരണമാണ് ബാബരി മസ്ജിദ് തകർത്ത കേസും പിൽക്കാലത്ത് മുംബൈ, ഇൻഡോർ, ഗുജറാത്ത് തുടങ്ങി വിവിധ സംസ്ഥാനങ്ങളിൽ ഉണ്ടായ കലാപങ്ങളുടെ കേസുകളും. വിശ്വസിച്ചാലുമില്ലെങ്കിലും ശരി, 1992 വരെ ഇന്ത്യയിൽ ജമ്മുകശ്മീരിനു പുറത്തെ മുസ്‌ലിം യുവാക്കൾ വിധ്വംസക മാർഗങ്ങളിലേക്ക് ആകർഷിക്കപ്പെടുന്നതിന് തെളിവുകൾ ഉണ്ടായിരുന്നില്ല. എന്നാൽ ഇന്ന് ഇത്തരമൊരു സാഹചര്യം രൂപപ്പെട്ടു കഴിഞ്ഞു. ആർ.എസ്.എസിന്റെ പിന്തുണയോടെ നിരവധി ഹിന്ദു സംഘടനകൾ ബോംബ് നിർമാണത്തിലും അക്രമ പ്രവർത്തനങ്ങളിലും രംഗത്തുണ്ടെന്ന വസ്തുതയും ഇതോടൊപ്പം കണക്കിലെടുക്കേണ്ടതാണ്. ബജ്റംഗ്ദൾ, വിശ്വഹിന്ദുപരിഷത്ത് തുടങ്ങി ഹിന്ദു ജനജാഗരൺ സമിതി, സനാതൻ സംസ്ഥ പോലുള്ള സംഘടനകൾ വരെ ഈ മേഖലയിൽ കർമനിരതരാണ്.

നമുക്കിടയിൽ വിവിധ രൂപത്തിലും ഭാവത്തിലും വ്യാപകമായിക്കഴിഞ്ഞ ഈ ബോംബ്നിർമാണ സംഘങ്ങളെ എങ്ങനെയാണ് ഭരണകൂടം കൈകാര്യം ചെയ്യേണ്ടത്? ഇപ്പോൾ നാം കണ്ടുവരുന്ന അതേ രീതിയിലാവരുത് എന്നതിൽ തർക്കമേയില്ല. ഇന്ത്യൻ സമൂഹത്തിൽനിന്ന് ഭീകരത എന്ന വിപത്ത് തുടച്ചുനീക്കണമെങ്കിൽ ചില അടിസ്ഥാന പ്രമാണങ്ങൾ നമ്മുടെ ഓർമയിൽ ഉണ്ടായിരിക്കുകയും അവ പ്രവൃത്തിപഥത്തിൽ കൊണ്ടുവരികയും ചെയ്യേണ്ടതുണ്ട്. സെപ്തംബർ 11 സംഭവം ഓർമിക്കുന്നുണ്ടാവുമല്ലോ. അതെക്കുറിച്ച മറ്റ് അഭിപ്രായ വ്യത്യാസങ്ങളെല്ലാം മാറ്റിനിർത്തുക. മൃതദേഹങ്ങളുടെ ബീഭത്സ ദൃശ്യങ്ങൽ അന്ന് എൻ.സി.എൻ ടെലിവിഷനിൽ കണ്ടതായി ആരെങ്കിലും ഓർക്കുന്നുണ്ടോ? അലറിവിളിക്കുന്ന ഈ ന്യൂസ് ചാനലുകളുടെ പ്രവർത്തന ശൈലി ഭീകരതയെ ഇല്ലാതാക്കാൻ ഒരു ചുക്കും ചെയ്യുന്നുണ്ടാവില്ല. മരണത്തെയും അക്രമത്തെയും ആഘോഷിക്കാനും ഭീകരതയെ രാഷ്ട്രീയവത്കരിക്കാനും അവർക്ക് തനതായ ശൈലികൾ ഉണ്ടെന്ന വസ്തുതയെ മറച്ചുപിടിക്കാനുമാവില്ല.

സമ്മതവും നിഷേധവും രണ്ട് ധ്രുവങ്ങൾ പോലെ വേറിട്ടു കിടക്കുന്ന

സങ്കൽപങ്ങളാണ്. എന്നാൽ ആശ്ചര്യകരമെന്നു പറയട്ടെ, ഭൂരിപക്ഷമായാലും ന്യൂനപക്ഷമായാലും അമിതമായ മാത്രയിൽ ഈ തത്ത്വങ്ങളെ സേവിക്കുന്നതിന്റെ ദുഷ്ഫലങ്ങളാണ് നമുക്ക് കാണാനാവുന്നത്. ബോംബ് സ്ഫോടനവുമായി ബന്ധപ്പെട്ട ഏത് ഭീകരതയും ഇസ്‌ലാമിക ജിഹാദികളുടേത് മാത്രമാണെന്നാണ് ഭൂരിപക്ഷം വിശ്വസിക്കുന്നത്. സുരക്ഷാ രംഗത്തും നീതിപീഠത്തിലും നിയമപാലകരിലും ഉത്തരവാദപ്പെട്ട സ്ഥാനങ്ങൾ വഹിക്കുന്ന നല്ലൊരു ശതമാനം അപകടകരകരമായ ഈ സങ്കൽപം പങ്കുവെക്കുന്നവരാണ്. ന്യൂനപക്ഷ സമുദായമാകട്ടെ തങ്ങൾ ഇരകളാക്കപ്പെടുകയാണെന്നും തങ്ങളിൽ പെട്ട ആർക്കും ജീവിതത്തിലൊരിക്കലും ഭീകരരാവാൻ കഴിയില്ലെന്നും അടിയുറച്ചു വിശ്വസിക്കുന്നു. ഇത് നിഷേധത്തിന്റെ അങ്ങേത്തലയാണ്. പാകിസ്താനിൽ നൂറു കണക്കിന് ജീവിതങ്ങൾ നിത്യേനയെന്നോണം ചീന്തിയെറിയുന്ന ഭീകരതയെ കണക്കിലെടുക്കാതിരിക്കാനാവില്ല. ആശയപരമായ ഈ വൈരുധ്യങ്ങളെ വിളക്കിച്ചേർക്കാൻ ബോധപൂർവമായ ചില നീക്കങ്ങൾ നടത്തേണ്ടതായാണിരിക്കുന്നത്.

ഒരു മാർഗം, ഒരുപക്ഷേ ഒരേയൊരു മാർഗം സുതാര്യമായ നീതിവാഴ്ച നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തലാണ്. കുറ്റവാളികളെ അറസ്റ്റ് ചെയ്യുന്നതിലും തടവിൽ വെക്കുന്നതിലും കേസുകൾ അന്വേഷിക്കുന്നതിലും വിചാരണ നടത്തുന്നതിലും സുവ്യക്തമായ മാനദണ്ഡങ്ങൾ നമ്മുടെ മുമ്പിലുണ്ട്. പോലീസോ മറ്റ് സുരക്ഷാ ഏജൻസികളോ അവ അത്യപൂർവമായേ പാലിക്കാറുള്ളൂ എങ്കിൽകൂടി. ദശാബ്ദങ്ങൾക്കു മുമ്പെ ഡി.കെ. ബസു നടത്തിയ വിധിപ്രഖ്യാപനം ഇന്നും അതേപടി പ്രസക്തമാണ്. പോലീസ് തയ്യാറാക്കുന്ന എഫ്.ഐ. ആറുകൾ ശരിയായി രേഖകളിൽ ഉൾപ്പെടുത്താത്തിടത്തോളം, പ്രതികൾക്ക് കോപ്പി നൽകാത്തിടത്തോളം, പിടിയിലായവരുടെ കുടുംബത്തെ അറസ്റ്റിനെക്കുറിച്ച് അറിയിക്കാത്തിടത്തോളം സമൂഹത്തിൽ സംഭീതിയും കിംവദന്തികളും പ്രചരിച്ചുകൊണ്ടേയിരിക്കും.

ഇതിനേക്കാൾ ചീത്തയായ കാര്യങ്ങളുമുണ്ട്. ഇൻകം ടാക്സ് അധികൃതരുടെയും എൻഫോഴ്സ്മെന്റ് വകുപ്പിന്റെയും റെയ്ഡുകൾ നടക്കുമ്പോൾ അതിൽ വലയിലായവരെക്കുറിച്ച് ഒരു വിവരവും പുറത്തുവരാതിരിക്കാൻ ശ്രദ്ധിക്കുന്നവരാണ് നിയമപാലകർ. കുറ്റാരോപിതരുടെ മാന്യതക്ക് നിയമം അനുശാസിക്കുന്ന എല്ലാ സുരക്ഷിതത്വവും സ്വകാര്യതയും ഭരണകൂടം ഉറപ്പുവരുത്തുന്നു. എന്നാൽ 'ഭീകരത'യുടെ കാര്യമെത്തുമ്പോൾ (ഗുജറാത്ത്, കർണാടക, ഒറീസ മുതലായ സംസ്ഥാനങ്ങളിലെ വിനാശകാരികളായ ബി.ജെ.പി-വി.എച്ച്.പി-ബജ്റംഗ്ദൾ ആൾക്കൂട്ടങ്ങൾക്ക് ഈ നിർവചനം ബാധകമല്ലെങ്കിലും) പ്രത്യേകിച്ചും മുസ്‌ലിം ഭീകരരുടെ കാര്യത്തിൽ അറസ്റ്റ്, ഏറ്റുമുട്ടൽ മുതലായവയെക്കുറിച്ച് ഭരണകൂടവും മാധ്യമങ്ങളും പുരപ്പുറത്തു കയറി വിളിച്ചുകൂവുകയാണ് ചെയ്യുന്നത്. അതിന്റെ ഫലമോ? നടപടിക്രമങ്ങൾ പാലിക്കപ്പെടുന്നില്ല എന്നതുമാത്രമല്ല, ഒരു പ്രദേശം, ഒരു മൊഹല്ല, ഒരു സമുദായം

കൂട്ടത്തോടെ കളങ്കിതരാക്കപ്പെടുകയാണ് നാൾചെല്ലുന്തോറും നടന്നുവരുന്നത്.

നിയമപാലകരുടെ ഭാഗത്തുനിന്ന് വൈകാരികതയില്ലാത്തതും സുതാര്യവുമായ നടപടിക്രമങ്ങളാണ് ഉണ്ടാവുന്നതെന്ന് ഉറപ്പു വരുത്തുമ്പോഴാണ് ഭീകരതക്കെതിരെയുള്ള നമ്മുടെ യുദ്ധം സാർഥകമാകുന്നത്. കേസുകൾ അന്വേഷിക്കുന്നതിലും മുന്നോട്ടു കൊണ്ടുപോകുന്നതിലും വിചാരണ നടത്തുന്നതിലുമൊക്കെ മതിയായ തത്ത്വങ്ങൾ പാലിക്കപ്പെടണം. പൊട്ടിത്തെറിക്കുന്ന ബോംബിന് ഒരു മുഴം മുമ്പെയാണ് നമ്മുടെ മുൻധാരണ പുറത്തുവരുന്നത്. ഇതിന്റെ പിന്നിലുള്ളത് ആരാണെന്ന് നമുക്ക് നേരത്തേ അറിയാം. ഈ ധാരണകളെ ചോദ്യംചെയ്യുന്ന തെളിവുകൾ മുമ്പിലെത്തുമ്പോൾ ഒന്നുകിൽ നാം പുറംതിരിഞ്ഞു നിൽക്കും. അല്ലെങ്കിൽ അവയെ ഗൗരവത്തിലെടുക്കില്ല. പത്രപ്രവർത്തകനും സുഹൃത്തുമായ എ. റശീദുദ്ദീൻ തയാറാക്കിയ ഈ പുസ്തകത്തിലെ എല്ലാ വിശദാംശങ്ങളോടും യോജിക്കാനാവില്ലെങ്കിലും ഭീകരതയുമായി ബന്ധപ്പെട്ട കേസുകളുടെ മറുവശങ്ങളാണ് അദ്ദേഹം നമ്മുടെ മുമ്പിൽ നിരത്തിവെക്കുന്നത്. മുസ്‌ലിം ഭീകരതയുമായി യഥാർഥത്തിൽ ബന്ധമുള്ള കേസുകൾ ഈ പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല എന്നത് ഇതിന്റെ ഒരു ന്യൂനതയായാണ് എനിക്കു തോന്നുന്നത്. ഇന്നത്തെ പാകിസ്താനിലൂടെ യാത്ര ചെയ്ത ഒരു പത്രപ്രവർത്തകൻ എന്ന നിലയിൽ അവിടത്തെ ഭീകരാക്രമണങ്ങളെയും അദ്ദേഹം ചർച്ച ചെയ്യേണ്ടിയിരുന്നു. ഭാവിയിൽ അത്തരമൊരു പുസ്തകം അദ്ദേഹത്തിന്റെ ഭാഗത്തുനിന്നുണ്ടാവുമെന്ന് നമുക്ക് പ്രതീക്ഷിക്കുക. ഏകപക്ഷീയമായ വായന ശീലമാകുന്ന ഈ കാലഘട്ടത്തിൽ ഭീകരതയെക്കുറിച്ച ഇത്തരം മറുവശങ്ങൾക്ക് തീർച്ചയായും നിർണായകമായ പ്രസക്തിയുണ്ട്.

ഭീകരതയുമായി ബന്ധപ്പെട്ട കേസന്വേഷണങ്ങൾ നീതിപീഠം കാർക്കശ്യത്തോടെ അവലോകനം ചെയ്തേ മതിയാകൂ. സുപ്രീം കോടതിയിലെ മൂന്ന് സിറ്റിംഗ് ജഡ്ജിമാർ ഉൾപ്പെട്ട ഒരു ജുഡീഷ്യൽ സ്ക്രൂട്ടനി കമ്മിറ്റിക്ക് എത്രയും പെട്ടെന്ന് രൂപംകൊടുക്കണമെന്ന ആവശ്യം ഈ സാഹചര്യത്തിൽ കാലഘട്ടത്തിന്റെ ആവശ്യമായി മാറുകയാണ്. കേന്ദ്രസർക്കാർ ദയവായി പ്രതികരിക്കുമോ?

●

# കടപ്പാട്

നേർക്കുനേരെ എന്ന് പറയാനാവില്ല, എങ്കിലും ടീസ്റ്റ സെറ്റൽവാദുമായുള്ള പരിചയമാണ് ഈ പുസ്തകമെഴുതാനുണ്ടായ മുഖ്യ പ്രചോദനം. സാമൂഹിക നീതിക്കു വേണ്ടിയുള്ള അവരുടെ പോരാട്ടവീര്യത്തിൻെറ മുമ്പിൽ ഞാൻ എപ്പോഴും അതിശയം കൂറിയിട്ടുണ്ട്. അതുപോലെത്തന്നെ, നന്ദിതാ ഹക്സറിനെയും ശബ്നം ഹാശ്മിയെയും മേധാ പട്കറെയും സ്മരിക്കുന്നു. ഭൗതികമായ നേട്ടങ്ങൾക്കതീതമായ രാഷ്ട്രീയ സമരം നയിക്കാൻ ഇന്നത്തെ ഇന്ത്യക്കാരന് ഇച്ഛാശക്തി പകരുന്നത് ഈ സ്ത്രീരത്നങ്ങളാണ്. പാർശ്വവത്കരിക്കപ്പെടുന്ന സമൂഹങ്ങൾക്ക് ഒരുപക്ഷേ ആർഭാടമെന്നു പോലും വിശേഷിപ്പിക്കാനാവുന്ന നിയമസുരക്ഷയും അഭിമാനവും ഉൽക്കർഷവും നേടിക്കൊടുക്കാനാണ് അവർ അത്യധ്വാനം ചെയ്യുന്നത്. നേടാൻ ഒന്നുമില്ലാത്ത, നഷ്ടങ്ങൾ മാത്രമുള്ള പോരാട്ടങ്ങൾ. ഇന്ത്യയെ ഇന്ത്യയാക്കി നിലനിർത്തുന്ന നൻമകളെ തിരിച്ചറിയാൻ അവർ നമ്മോടു പറയുന്നു. അവർക്ക് എൻെറ വിനീതമായ സലാം.

മതാതീതമായി മനുഷ്യനെ വേറിട്ടു കാണാൻ പഠിപ്പിച്ച എൻെറ അധ്യാപകരുണ്ട്. ഒരു ഗവൺമെൻറ് വിദ്യാലയത്തിൻെറ നരച്ച ചുമരുകൾക്കുള്ളിൽ കാലിളകിയ ബെഞ്ചിൽ തിങ്ങിയിരുന്ന് ഒപ്പം പഠിച്ച സഹപാഠികളുണ്ട്. ഞാൻ ജീവിച്ച കുടിയേറ്റ ഗ്രാമത്തിൽ ഉൽസവവും പള്ളിപ്പെരുന്നാളും ആണ്ടുനേർച്ചയും ഒരേപോലെ കണ്ട നല്ലവരായ കുറെ പച്ചമനുഷ്യരുണ്ട്. ഒന്നിച്ചു പഠിച്ചും കളിച്ചും വളർന്ന അവർ ഹിന്ദുക്കളായിരുന്നോ മുസ്ലിംകളായിരുന്നോ

ക്രിസ്ത്യാനികളായിരുന്നോ എന്നോർക്കാൻ എനിക്ക് താൽപര്യമില്ല. ദൽഹിയിൽ എന്തു സംഭവിച്ചുവെന്നു കേട്ടാലും എൻെറ ക്ഷേമവിവരം തിരക്കിയിരുന്ന, എൻെറ ഉയർച്ചയിൽ സന്തോഷിച്ച, എനിക്കു വേണ്ടി പ്രാർഥിച്ച ഈ സുഹൃത്തുക്കളെ മനസ്സുകൊണ്ട് ഒപ്പം നിർത്താൻ കൂടിയാണ് ഈ പുസ്തകം എഴുതിയത്.

ഒരു പുസ്തകം വായനക്കാരൻെറ കൈയിലെത്തുന്നതിൻെറ പിന്നിൽ നെടുനാളത്തെ അധ്വാനമുണ്ടെന്നും ഒട്ടേറെ പേരുടെ സഹായം വേണ്ടിവരുമെന്നുള്ളതും പറയേണ്ടതില്ല. അതിൽ സഹായിച്ച, സഹിച്ച പലരുമുണ്ട്. എല്ലാവരും എൻെറ മനസ്സിലുണ്ട്. എങ്കിലും ഇതിൻെറ കൈയെഴുത്തുപ്രതി സശ്രദ്ധം വായിച്ച ഷാജഹാൻ മാടമ്പാട്ടിനെയും ആരിഫ് സെയിനിനെയും എം.സി. അബ്ദുന്നാസർ, താജ് ആലുവ എന്നിവരെയും പ്രത്യേകം സ്മരിക്കുന്നു. ജോലിത്തിരക്കുകൾക്കിടയിലും അവർ എനിക്കു വേണ്ടി സമയം കണ്ടെത്തി. പുസ്തകമെഴുത്തിൻെറ ശാസ്ത്രീയത ഉറപ്പുവരുത്തിയതും അവരായിരുന്നു. മാലേഗാവിലെ ഫർഖലീദ് സാഹിബ്, നാന്ദേഡിലെ മുജീബ്, ഹൈദറാബാദിലെ സആദത്തുല്ല മുതലായവർ ഈ സ്ഫോടന പരമ്പരകളുടെ വിശദാംശങ്ങൾ കണ്ടെത്താൻ സഹായിച്ചവരാണ്. അവർ ജീവിക്കുന്ന പീഡിത സമൂഹത്തിൻെറ ഭാഷയിലായിരുന്നു ഈ പുസ്തകം വായിക്കപ്പെടേണ്ടിയിരുന്നത്. പക്ഷേ, അതിനെനിക്ക് കഴിയാതെപോയി. എങ്കിലും പുറംലോകത്തോടു ചെയ്ത സേവനത്തിന് അവർക്കു നന്ദി. എഴുതാനിരിക്കുന്നവൻെറ ഈർഷ്യകളെ നിശ്ശബ്ദം ഏറ്റുവാങ്ങിയ ഫാഇസയോടും കുട്ടികളോടും എന്തു ചൊല്ലേണ്ടൂ?

●

## സമർപ്പണം

വൈത്തിരിയിലെ സുഹൃത്തുക്കളായ വിജയൻ,
രവി, സുനിൽ, ഫൈസൽ, അശോകൻ, മോഹൻദാസ്,
സാഹബ്ജാൻ, സാലിയപ്പൻ
തുടങ്ങിയവർക്ക്....



## എ. റശീദുദ്ദീൻ

പത്രപ്രവർത്തകൻ, എഴുത്തുകാരൻ. കോഴിക്കോട് ജില്ലയിൽ കൊയിലാണ്ടിക്കടുത്ത കൊല്ലത്ത് 1970–ൽ ജനനം. പിതാവ് എടവണ്ണ ആൽപ്പറ്റ വീട്ടിൽ അബൂബക്കർ. എ. അലവി മൗലവി പിതാമഹൻ. മാതാവ് താഴത്തംവീട്ടിൽ ഫാത്തിമാബി. സുൽത്താൻ ബത്തേരി സെൻറ് മേരീസ് കോളേജിൽ നിന്ന് ഭൗതികശാസ്ത്രത്തിൽ ബിരുദം. ജേർണലിസത്തിൽ ബിരുദാനന്തരബിരുദം. ജലസേചന വകുപ്പിൽ ജോലിചെയ്തിരുന്നു. മാധ്യമം ദിനപത്രത്തിൽ സബ് എഡിറ്ററായിരുന്നു. ഇപ്പോൾ മാധ്യമം ചാനലിന്റെ ന്യൂദൽഹി സ്പെഷൽ കറസ്പോണ്ടന്റായി ജോലി ചെയ്യുന്നു. ഭാര്യ ഫാഇസ. മക്കൾ ഇഹ്സാൻ അഹ്മദ്, ഇൻസാഫ് അഹ്മദ്, ഈമാൻ ഫാത്തിമ. നിരവധി ലേഖനങ്ങൾ എഴുതിയിട്ടുണ്ട്. കരോൾ എൽ. ആൻവിയുടെ *Daughters of another path*, *സച്ചാർ കമ്മിറ്റി റിപ്പോർട്ട്* എന്നിവ മലയാളത്തിലേക്ക് വിവർത്തനം ചെയ്തു. കൃതികൾ: *ഇന്ത്യയിലെ ഭീകരാക്രമണങ്ങളും ഉത്തരം കിട്ടാത്ത ചോദ്യങ്ങളും*, *ആതംഗ്വാദ് കീ അന്തർ കഥാ*(ഹിന്ദി–വൈറ്റ് ഡോട്ട് പബ്ലിഷേഴ്സ്, ന്യൂദൽഹി)



# അകം


## ഭീകരതയുടെ രസതന്ത്രം

സ്ഫോടനങ്ങൾ സംഘടിപ്പിക്കുന്നതാര്? 25

●

## *2001 ഡിസംബർ:* ഇന്ത്യൻ പാർലമെന്റ്

ആക്രമണത്തിന്റെ പശ്ചാത്തലദൃശ്യങ്ങൾ 40

കുറ്റവാളികൾ ദൽഹിയിൽ എത്തിയതെങ്ങനെ? 46

തീവ്രവാദികളോ ഫിദായീനുകളോ? 52

●

## *2005 ജൂലൈ:* അയോധ്യ

അയോധ്യ: ഇരുട്ടിൽ തപ്പുന്ന അന്വേഷണങ്ങൾ 63

വാരാണസിയിൽ സംഭവിച്ചത് 71

●

## *2006 ഏപ്രിൽ:* നാന്ദേഡ്

സംഘ്പരിവാർ ബോംബുകൾ ഓലപ്പടക്കമാവുന്നത് 82

സംഘ്പരിവാറിന്റെ ബോംബ് ഫാക്ടറികൾ 89

നാന്ദേഡിൽ വീണ്ടും സ്ഫോടനം 96

●

*2006 ജൂൺ:* നാഗ്പൂർ

ആർ.എസ്.എസ് കാര്യാലയം ആക്രമിക്കപ്പെടുന്നു 105
ജനകീയ അന്വേഷണ കമ്മീഷന്റെ നിഗമനങ്ങൾ 117

●

*2006 സെപ്തംബർ:* മാലേഗാവ്

ചിതറിത്തെറിച്ച സത്യങ്ങൾ 127
അബ്ദുസ്സലാം അബ്ദുർറഊഫിന്റെ കഥ 140

●

*2007 ഫെബ്രുവരി:* സംഝോത എക്സ്പ്രസ്

പാകിസ്താനിലേക്കുള്ള യാത്ര 145
തീപിടിച്ച തീവണ്ടി 154

●

*2007 മെയ്:* ഹൈദറാബാദ്

കാരണങ്ങളില്ലാതെയും ഒരു സ്ഫോടനം 165

●

*2008 ജനുവരി:* തെങ്കാശി

തെങ്കാശി, വിദർഭ, മുംബൈ: നാന്ദേഡിന്റെ ആവർത്തനങ്ങൾ 177

●

*2008 ജൂലൈ:* അഹ്മദാബാദ്

ഹേവുഡ് സംഭവം: സ്ഫോടന ചരിത്രത്തിന് പുതിയ വഴിത്തിരിവ് 186

●

ഏറ്റുമുട്ടലുകൾ അഥവാ കൊലപാതകങ്ങൾ

ഏറ്റുമുട്ടൽ നാടകങ്ങളും രജ്ബീർ സിംഗുമാരും 198
ഹുമയൂൺ ശവകുടീരത്തിലെ ഏറ്റുമുട്ടൽ 203
ഇർശാദ് അലിയുടെ കത്ത് 207
ദൽഹി: ബട്ലാഹൗസിലെ ആന്റിക്ലൈമാക്സ് 214

●

ഭീകരതയും മുൻധാരണകളും

നിയമപാലകർ വേട്ടക്കാരാവുമ്പോൾ 232
നിയമത്തിന് അതീതമായ നീതിവാഴ്ച 238
സിമിയുടെ ഭീകരതയും മുസ്‌ലിം യക്ഷിവേട്ടയും 248

●

ഉപസംഹാരം

കണ്ണുകൾ അടക്കാതിരിക്കുക അരനിമിഷം പോലും 257

●

*അനുബന്ധം.*

മാലേഗാവ് സന്ന്യാസിനിയും കേരളത്തിലെ ത്വരീഖത്തും 268
2008-നും 2011-നുമിടയിൽ സംഭവിച്ചത് 275



ഭീകരതയുടെ രസതന്ത്രം





ഇന്ത്യയിലെ ഭീകരാക്രമണങ്ങളും
ഉത്തരം കിട്ടാത്ത ചോദ്യങ്ങളും

പറഞ്ഞുവരുമ്പോൾ ബാക്കിയാവുന്ന ദുഃഖകരമായ സത്യവും അതാണ്. സ്ഫോടനങ്ങളുടെ കാര്യത്തിൽ കോൺഗ്രസും ബി.ജെ.പിയും എല്ലാം ഒരേ നാണയത്തിൻെറ രണ്ടു പുറങ്ങൾ മാത്രമായിരുന്നു. സത്യം പുറത്തുകൊണ്ടുവരുന്നതു പോകട്ടെ, അനീതി നടത്താതിരിക്കാനെങ്കിലും മതേതര സർക്കാർ എന്ന് അഭിമാനിക്കുന്ന യു.പി.എ ഭരണകൂടത്തിന് കഴിയേണ്ടതായിരുന്നു. ഒരു കൂട്ടരുടേത് കുറ്റകരമായ കൂട്ടുത്തരവാദിത്വമായിരുന്നെങ്കിൽ മറ്റേ കൂട്ടരുടേത് അപമാനകരമായ വിധേയത്വമായിരുന്നു. രണ്ടും രാജ്യത്തിനെ നശിപ്പിക്കുന്നതിൽ മുതൽക്കൂട്ടി. അതിൻെറ കണക്കെടുപ്പാണ് ഓരോ സ്ഫോടനവും ബാക്കിയാക്കുന്നത്.

# സ്ഫോടനങ്ങൾ സംഘടിപ്പിക്കുന്നതാര്?

ഭീകരത സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ മാത്രം നടക്കുന്ന സ്ഫോടനങ്ങൾ ഇന്ത്യയെ താറുമാറാക്കുന്ന കാലമാണിത്. ആര് ചെയ്യുന്നുവെന്നോ എന്താണ് ലക്ഷ്യമെന്നോ ഈ ആക്രമണങ്ങളിൽനിന്ന് വ്യക്തമാവാറില്ല. എന്നാൽ അക്രമത്തിലും അക്രമിയിലും മതഭ്രാന്തിന്റെ ചേരുവകളുണ്ടെന്ന് വാർത്താ മാധ്യമങ്ങൾ പ്രചരിപ്പിക്കുന്നു. ഇന്ത്യയെപ്പോലൊരു രാജ്യത്ത് ഇത്തരമൊരു പ്രചാരണമുണ്ടാക്കുന്ന ദുരന്തത്തിന്റെ ആഴം ഊഹിക്കാവുന്നതേയുള്ളൂ. മതപരമായും ഭാഷാപരമായും ഭൂമിശാസ്ത്രപരമായുമുള്ള പലതരം സുരക്ഷിത വലയങ്ങൾക്കകത്താണ് ഇന്ന് മനുഷ്യർ ജീവിക്കുന്നത്. ഇത്തരം മറകൾക്കകത്തു നിന്ന് ഒരുകൂട്ടർ മറ്റൊരു കൂട്ടരെ ആക്രമിക്കുകയാണല്ലോ ചെയ്യുന്നത്. സാധാരണ നടക്കുന്ന ആക്രമണങ്ങളിൽ വേട്ടക്കാർക്കും ഇരകൾക്കുമിടയിൽ പ്രതിരോധത്തിന്റേതോ പ്രത്യാക്രമണത്തിന്റേതോ ആയ ഒരു നേരിയ പ്രതീക്ഷ ബാക്കിനിൽക്കാറുണ്ട്. ആക്രമിക്കപ്പെടുന്നവർ പോലും എന്തെങ്കിലുമൊരു കൂട്ടായ്മയുടെ ഭാഗമായാണ് പിടിച്ചുനിൽക്കാറുള്ളതും. നിനച്ചിരിക്കുന്ന ആക്രമണം നേരിടുന്നത് ചിലപ്പോഴെങ്കിലും എളുപ്പവുമാണ്. പക്ഷേ ലക്ഷത്തിലൊരുവനായി സഞ്ചരിക്കുന്നതിനിടയിൽ മഹാനഗരങ്ങളിലെ ട്രെയിനിലും തെരുവിലും പൊതു സ്ഥലങ്ങളിലും കാര്യകാരണബന്ധങ്ങൾക്കതീതമായി കൊല്ലപ്പെടുമ്പോഴോ? പ്രവചനാതീതമായ ഇത്തരം ആകസ്മികതകൾ ദുരന്തങ്ങളുടെ ആഘാതത്തെ ശതഗുണീഭവിപ്പിക്കുകയാണ് ചെയ്യുന്നത്. വ്യക്തികളെ പൂർണമായും നിസ്സഹായരാക്കുന്ന തരം ആക്രമണങ്ങളാണിത്. ശത്രു എപ്പോഴും കാണാമറയത്താണ്. നിയമത്തിന്റെ പിടിയിൽനിന്ന് അവൻ സുരക്ഷിതനുമാണ്. ആർക്കെങ്കിലും നിങ്ങളെ